## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2543 12.02.2019 -ലെ മറുപടിക്ക്**

**പട്ടിക വിഭാഗക്കാരുടെ ക്ഷേമപദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | എസ്.എസി. & എസ്.റ്റി. വികസന കോർപ്പറേഷൻ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കായി എന്തെല്ലാം വായ്പാ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; അറിയിക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | വിവിധ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ സാധിക്കാതെ കടക്കെണിയിലായ ഈ വിഭാഗക്കാരുടെ കടങ്ങൾ എഴുതി തള്ളുന്നതിന് ഈ സർക്കാർ കടാശ്വാസ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 48591 പട്ടികജാതി വിഭാഗക്കാരുടെ വായ്പാ കുടിശ്ശികയിനത്തിൽ 92,16,83,055.57/- രൂപയും, മുൻ സർക്കാരിന്റെ കാലത്ത് കടാശ്വാസത്തിനായി നൽകിയ അപേക്ഷകളിൽ തീർപ്പാക്കാതെ കിടന്ന 1353 പട്ടികവർഗ്ഗക്കാരുടെ വായ്പാ കുടിശ്ശികയിനത്തിൽ 3,45,75,612/- രൂപയും എഴുതിത്തള്ളിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും 5,00,000/- രൂപ വരെയുള്ള വായപകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടി എത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് 20.08.2016-ലെ സ.ഉ.(അ)118/16/ധന പ്രകാരമുള്ള ബഹു മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് കടാശ്വാസത്തിനായി നൽകിയ അപേക്ഷകളിൽ പണം നൽകാത്തതിനാൽ തീർപ്പാക്കാതെ കിടന്ന അപേക്ഷകൾ പരിഗണിച്ച് കടാശ്വാസം അനുവദിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | നിലവിലുണ്ട്. <br> പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ വിവിധ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾ എഴുതിത്തള്ളികൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ചിട്ടുള്ള 16.10.2014-ലെ സ.ഉ.(കൈ) 74/14/പജപവവിവ, 30.03.2015-ലെ സ.ഉ(അ)24/2015/പജപവവിവ, 1.10.2015-ലെ സ.ഉ(അ)71/15/പജപവവിവ എന്നീ ഉത്തരവുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ, ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഇപ്പോഴും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ